(ബി) ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യത അനുസരിച്ച് നാലു വർഷം കൊണ്ട് പണി പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്.

(ഡി) പദ്ധതിക്കാവശ്യമായ സ്ഥലവും ഫണ്ടും ലഭ്യമാകുന്നതിലുള്ള ബുദ്ധിമുട്ടുകൾ കാരണമാണ് പദ്ധതി മന്ദഗതിയിലായത്.

(ഇ) ഈ പദ്ധതിക്കായി ഏകദേശം 38 കി. മീ. പൈപ്പുകൾ കൊല്ലം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സംസ്ക്കരണശാലയ്ക്ക് ആവശ്യമായ 10 ഏക്കർ സ്ഥലത്തിൽ 4.5 ഏക്കർ കൊല്ലം കോർപ്പറേഷന്റെ അധീനതയിലാണ്. ബാക്കിയുള്ള 5.5 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി റവന്യൂ അധികൃതർക്ക് അപേക്ഷിച്ചിട്ടുണ്ട്.

കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിന് ധനസഹായം

34 [3621] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തിൽ സംസ്ഥാനത്ത് കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റിനോട് ധനസഹായം ആവശ്യപ്പെട്ടിരുന്നോ;

(ബി) എങ്കിൽ എന്തു ധനസഹായം ലഭിച്ചു;

(സി) ലഭിച്ചതിൽ എന്തു തുക ചെലവായി; വിശദവിവരങ്ങൾ അടങ്ങുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) സഹായം ഒന്നും ലഭിച്ചില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പുന്തുറ പൊഴി അഴിയായി വികസിപ്പിക്കൽ

35 [3622] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്തുറ പൊഴി അഴിയായി വികസിപ്പിക്കുന്നതു സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവ്വേ സംബന്ധിച്ച വിശദാംശങ്ങൾ എന്താണ്;

(ബി) ഇതു സംബന്ധിച്ച എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly